"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**മത്സ്യബന്ധന തുറമുഖ വകുപ്പ്- തീരദേശത്ത് കോവിഡ് 19 അതിവ്യാപന മേഖലകൾ കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മത്സ്യബന്ധനം, മത്സ്യവിൽപന എന്നിവയ്ക്ക് നിയന്ത്രണങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

G.O.(Rt) No.413/2020/F&P തീയതി,തിരുവനന്തപുരം, 16/07/2020

---

പരാമർശം:- 1 ജില്ലാകളക്ടറുടെ 12.07.2020ലെ ഡി.ഡി.എം.എ/01/2020/കോവിഡ്/CZ-14(6) നമ്പർ നടപടിക്രമം.

2 ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 13.07.20ലെ ജി2/24595/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**തീരദേശത്ത് കോവിഡ് 19 അതിവ്യാപന മേഖലകൾ കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മത്സ്യബന്ധനം, മത്സ്യവിൽപന എന്നിവയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ചുവടെ പറയുന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

1.മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളെയും തൊഴിലാളികളെയും സംബന്ധിച്ച് അവർ പുറപ്പെടുന്ന സ്ഥലങ്ങളിൽ (ഹാർബർ/കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങൾ) രജിസ്റ്റർ സൂക്ഷിയ്ക്കുകയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യണം.

2. ആരോഗ്യവകുപ്പിൻറെ സഹായത്തോടെ ഹാർബറുകളിൽ പ്രവേശിക്കുന്നവരുടെയും മത്സ്യബന്ധനത്തിന് പോകുന്നവരുടെയും ശരീര ഊഷ്മാവ് തെർമ്മൽ സ്കാനർ ഉപയോഗിച്ച് പരിശോധിയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

3. ഹാർബറുകൾ/മത്സ്യം കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ സോപ്പുപയോഗിച്ച് കൈകഴുകുന്നതിനുള്ള സംവിധാനവും സാനിറ്റൈസറും ഉണ്ടായിരിയ്ക്കേണ്ടതാണ്.

4. അന്യസംസ്ഥാനയാനങ്ങൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നത് അനുവദിയ്ക്കുകയില്ല. മത്സ്യബന്ധനയാനങ്ങൾ പുറപ്പെടുന്ന ജില്ലാ അതിർത്തിവിട്ട് മറ്റ് ജില്ലകളിലെ ഹാർബറുകൾ/മത്സ്യം കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മത്സ്യം ഇറക്കുന്നതിന് അനുവദിയ്ക്കുന്നതല്ല.

5. റിംഗ് സീനർ ഉൾപ്പെടെയുള്ള എല്ലാ പരമ്പരാഗത യാനങ്ങൾക്കും ഒന്നിടവിട്ട ദിവസങ്ങളിൽ

ഏകദിന മത്സ്യബന്ധനത്തിലേർപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിൽ അവസാനിയ്ക്കുന്ന യാനങ്ങൾ തിങ്കൾ, ബുധൻ വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിയ്ക്കുന്ന യാനങ്ങൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്. വെള്ളിയാഴ്ച അവധിയുള്ള പ്രദേശങ്ങളിൽ ഞായറാഴ്ച മത്സ്യബന്ധനം അനുവദിയ്ക്കാവുന്നതാണ്. റിംഗ്സീൻ, ഷോർസീൻ യാനങ്ങളിൽ തൊഴിലാളികൾ തമ്മിൽ സാമൂഹിക അകലം പാലിയ്ക്കേണ്ടതാണ്.

6. തട്ടുമടി ഉൾപ്പെടെയുള്ള ബോട്ട് സീൻ നെറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് 32 അടിവരെ നീളമുള്ളതും 25 എച്ച്.പി.വരെ കപ്പാസിറ്റിയുള്ള എൻജിൻ ഘടിപ്പിച്ചതും ഓരോ വള്ളത്തിൽ പരമാവധി 5 മത്സ്യത്തൊഴിലാളികൾ മാത്രം ഉള്ളതുമായ രണ്ടു വള്ളങ്ങൾവരെ മാത്രമേ ഉപയോഗിയ്ക്കാൻ പാടുള്ളൂ. ഇലക്ട്രിയ്ക്ക് ലൈറ്റ് ഒരു കാരണവശാലും ഉപയോഗിയ്ക്കാൻ പാടുള്ളതല്ല.

7. കരമടി ഉൾപ്പെടെയുള്ള ഷോർസീൻ നെറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് കമ്പയുടെ ഓരോ അഗ്രത്തിലും 12 പേരിൽ അധികരിയ്ക്കാൻ പാടില്ലാത്തതും വ്യക്തികൾ തമ്മിൽ കുറഞ്ഞത് ഒരു മീറ്റർ അകലം പാലിയ്ക്കേണ്ടതുമാണ്.

8. മത്സ്യബന്ധനത്തിന് പോകുമ്പോൾ ആവശ്യമായ ഐസ്, വെള്ളം, റേഷൻ ഡീസൽ എന്നിവ നിറയ്ക്കുമ്പോഴും മത്സ്യബന്ധനത്തിന് ശേഷം മത്സ്യം ഹാർബർ/കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങളിൽ ഇറക്കുമ്പോഴും സാമൂഹിക അകലവും ശുചിത്വവും മത്സ്യത്തൊഴിലാളികൾ പാലിയ്ക്കേണ്ടതാണ്.

9. എല്ലാ ഹാർബറുകളും / മത്സ്യം കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങളും നിത്യേന അതത് തദ്ദേശസ്വയംഭരണ സ്ഥാപന മേൽനോട്ടത്തിൽ അണുവിമുക്തമാക്കേണ്ടതും വൃത്തിയാക്കേണ്ടതുമാണ്. എല്ലാ മത്സ്യത്തൊഴിലാളികളും നിർബന്ധമായും മാസ്ക് ധരിയ്ക്കേണ്ടതാണ്.

10. ഹാർബറുകൾ/മത്സ്യം കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനം മത്സ്യത്തൊഴിലാളികൾക്കും യാനത്തിൽ മത്സ്യബന്ധനത്തിന് പോകുന്ന ജോലിക്കാർക്കും മത്സ്യക്കച്ചവടക്കാർക്കും മാത്രമായി നിജപ്പെടുത്തണം. ചില്ലറ വില്പന പൂർണ്ണമായും ഒഴിവാക്കണം. സന്ദർശകർ പാടില്ല.

11. മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനത്തിന് ശേഷം കൂട്ടമായി തിരികെ ഹാർബർ/കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രത്തിലെത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഒരു സമയം 3 യാനങ്ങൾ മാത്രമേ മത്സ്യം ഇറക്കാൻ പാടുള്ളൂ. ആയതിലേയ്ക്ക് ക്യൂ സിസ്റ്റം പാലിയ്ക്കണം.

12. മത്സ്യ ലേലം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

13. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഹാർബർ മാനേജ്മെൻറ് സൊസൈറ്റി നിശ്ചയിച്ചു നൽകിയിട്ടുള്ള വിലയ്ക്ക് മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ.

14. അന്യ സംസ്ഥാനങ്ങളിലെ രോഗവ്യാപന മേഖലകളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യംകൊണ്ടുവരുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. രോഗവ്യാപനം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യവുമായി വരുന്ന വാഹനങ്ങൾ അതിർത്തിയിൽ

വച്ചുതന്നെ അണുവിമുക്തമാക്കേണ്ടതും ഈ വാഹനത്തിലെ ഡ്രൈവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് അവർ തിരിച്ചു പോകുന്നതുവരെ പുറത്ത് ഇറങ്ങി ഇടപഴകാൻ കഴിയാത്തവിധം സുരക്ഷിതമായ വിശ്രമ മുറികളും, ഭക്ഷണവും ബന്ധപ്പെട്ട മത്സ്യവ്യാപാരി ക്രമീകരിയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാര്യം നിർബ്ബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

15. കണ്ടയ്ൻമെൻറ് സോൺ പരിധിയ്ക്കുള്ളിൽ ഹാർബർ/കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ ഇറക്കുന്ന മത്സ്യം മറ്റു പ്രദേശങ്ങളിലേയ്ക്ക് വില്പനയ്ക്കായി കൊണ്ടുപോകാൻ പാടുള്ളതല്ല. കണ്ടയ്ൻമെൻറ് സോണിലേയ്ക്ക് പുറത്തു നിന്ന് മത്സ്യം കൊണ്ടുവരാനും പാടില്ല. കണ്ടയ്ൻമെൻറ് സോണിൽ നിന്ന് മത്സ്യബന്ധനത്തിനായി പോകുന്ന യാനങ്ങളുടെ എണ്ണം ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ പരിമിതപ്പെടുത്തി ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

16. വഴിയോര മത്സ്യകച്ചവടവും വീടുകൾ തോറും കൊണ്ടുപോയുള്ള മത്സ്യകച്ചവടവും പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.

17. സാമൂഹിക അകലവും ശുചിത്വവും പാലിച്ച് മത്സ്യവിപണനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഹാർബർ മാനേജ്മെൻറ് സൊസൈറ്റി ഒരുക്കേണ്ടതാണ്.

18. മത്സ്യമാർക്കറ്റുകളിൽ സാമൂഹിക അകലം പാലിയ്ക്കുന്നുണ്ടെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുകയും അതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും വേണം.

19. മത്സ്യവിൽപ്പനക്കാർ മാസ്കും കയ്യുറകളും നിർബന്ധമായും ധരിക്കേണ്ടതാണ്.

20. മത്സ്യം മാർക്കറ്റുകളിൽ വാങ്ങാൻ വരുന്നവരുടെ എണ്ണം നിയന്ത്രിയ്ക്കുന്നതിന് വൃത്തം വരച്ച് നിശ്ചിത അകലം പാലിച്ച് വില്പന ക്രമീകരിക്കേണ്ടതാണ്.

21. മത്സ്യബന്ധനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യ ബോധവത്കരണം നൽകണം.

22. കോവിഡ്-19 വ്യാപനം നിയന്ത്രിക്കുന്നതിനും തടയുന്നതിനും സാമുദായിക നേതാക്കളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉണ്ടാകണം.

23. ജോലി സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും മാസ്ക് ധരിക്കൽ, സാമൂഹിക അകലം പാലിയ്ക്കൽ ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കൈ ശുചിയാക്കൽ എന്നിവ ഉറപ്പാക്കണം.

24. ജോലി സ്ഥലങ്ങളിൽ ഉച്ചത്തിൽ സംസാരിക്കുന്നത് ഒഴിവാക്കണം. അത് അന്തരീക്ഷത്തിലേയ്ക്ക് ഉമിനീര് വ്യാപിയ്ക്കുന്നത് കുറയ്ക്കും.

25. മത്സ്യത്തൊഴിലാളികൾ കത്തി, ബ്ലെയ്ഡ് തുടങ്ങിയ തൊഴിലുപകരണങ്ങൾ പരസ്പരം കൈമാറാതിരിക്കുക.

26. ഫാക്ടറികളിൽ തുടർച്ചയായി കൈകാര്യം ചെയ്യുന്ന ഉപകരണങ്ങളും, അതിൻറെ ഉപരിതലങ്ങളും അണുവിമുക്തമാക്കുക.

27. ജോലി കഴിഞ്ഞ ശേഷം സോപ്പ് ഉപയോഗിച്ച് കുളിച്ച് വ്യക്തിശുചിത്വം ഉറപ്പാക്കിയ ശേഷം ജോലി സ്ഥലത്തു നിന്നും മടങ്ങേണ്ടതാണ്.

28. ചുമ, കഫം എന്നിവയിലൂടെ മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാൻ ശ്രദ്ധിയ്ക്കുക.

29. റിവേഴ്സ് ക്വാറൻറൈൻ പാലിക്കണം. പുറത്തു ജോലിക്ക് പോകുന്നവരും സമൂഹവുമായി അടുത്ത് ഇടപഴകുന്നവരുമായ കുടുംബാംഗങ്ങൾ വീട്ടിലെത്തുമ്പോൾ വീട്ടിലെ മുതിർന്ന അംഗങ്ങൾ പ്രത്യേകിച്ചും ഡയബറ്റിസ്, രക്തസമ്മർദ്ദം, വൃക്കരോഗങ്ങൾ, ക്യാൻസർ എന്നീ രോഗങ്ങളുള്ളവർ, കൊച്ചുകുട്ടികൾ എന്നിവരുമായി നിശ്ചിത അകലം പാലിയ്ക്കേണ്ടതാണ്.

30. റിവേഴ്സ് ക്വാറൻറൈനിലുള്ള വ്യക്തികൾ കഴിയുന്നത്ര സമൂഹവുമായി ഇടപഴകാതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

31. ഭക്ഷണം കഴിക്കുന്ന പാത്രങ്ങൾ, മൊബൈൽ ഫോൺ, റ്റി. വി. റിമോട്ട് തുടങ്ങിയവ റിവേഴ്സ് ക്വാറൻറൈനിലുള്ളവരുമായി പങ്ക് വയ്ക്കാതിരിക്കുക.

32. വീടിനുള്ളിൽ ശുദ്ധവായു ഉറപ്പാക്കുന്നതിനായി ജനലുകളും വാതിലുകളും പരമാവധി തുറന്നിടുകയും, പരിസര ശുചിത്വം ഉറപ്പാക്കുകയും ചെയ്യുക.

33. വീട്ടിലെ റൂമുകളിലും ഹാളിലും എല്ലാപേരും ഒത്തു ചേരുന്നതും, കൂട്ടം കൂടി നിൽക്കുന്നതും ഒഴിവാക്കി കഴിയുന്നത്ര അകലം പാലിയ്ക്കേണ്ടതാണ്.

34. രോഗലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാലുടൻ ചികിത്സ തേടേണ്ടതാണ്.

35. ആവശ്യമുള്ളവർക്ക് പ്രത്യേകിച്ച് റിവേഴ്സ് ക്വാറൻറൈനിൽ കഴിയുന്നവർക്ക് മാനസികവും, സാമൂഹികവുമായ പിന്തുണ നൽകുന്നതിന് ഡി.എം.എച്ച്. പി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TINKU BISWAL
SECRETARY

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പോലീസ് മേധാവിക്ക്

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്. തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ